പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 173 22-03-2012 - ൽ മറുപടിക്ക്

## സംസ്ഥാന വ്യവഹാര നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ. എം. മാണി<br>ബഹു: ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് വ്യവഹാരനയം നടപ്പിലാക്കിയിട്ടുണ്ടോ ; ഇത് നടപ്പിലാക്കുകവഴി 13 -ാം ധന കാര്യകമ്മീഷൻ അവാർഡായി എത്ര തുക ലഭിക്കും ? | സംസ്ഥാന വ്യവഹാരനയം 03-12-2011 ലെ സ. ഉ. (പി) നം. 12/2011/നിയമം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം നടപ്പിലാക്കിവരുന്നു. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേകം ധനസഹായം അനുവദിച്ചിട്ടില്ല. സംസ്ഥാനത്തെ നീതിനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി 2010-2015 കാലഘട്ടത്തിൽ 140.06 കോടി രൂപയാണ് കേന്ദ്രസർക്കാർ കേരള സംസ്ഥാനത്തിന് 13-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം നീക്കി വെച്ചിട്ടുള്ളത്. 2010-11-ൽ 28.01 കോടി രൂപ കേന്ദ്ര സർക്കാർ ഈയിനത്തിൽ നൽകിയിട്ടുണ്ട്. സംസ്ഥാന വ്യവഹാരനയം രൂപീകരിക്കുന്ന മുറയ്ക്കാണ് ബാക്കി തുക അനുവദിക്കുക. |
| (ബി) | വ്യവഹാരനയം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത് എന്താണ്; | സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ ശരാശരി കാലാവധി 15 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കുകയും സർക്കാർ കക്ഷിയായ കേസുകൾ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും സമയബന്ധിതമായും സംയോജിപ്പിച്ച് നടത്തുന്നതിനും അടിസ്ഥാനമുള്ള എല്ലാ വ്യവഹാരങ്ങളും വിജയിപ്പിക്കുന്നതിനും അനാവശ്യവ്യവഹാരങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്യുക എന്നതാണ് വ്യവഹാരനയം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള ചുമതല ഏതുവകുപ്പിനാണ്; | നിയമ വകുപ്പിനാണ് സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള ചുമതല. |

| | | |
|---|---|---|
| (ഡി) | സംസ്ഥാന വ്യവഹാര നയം നടപ്പിലാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് ; | സംസ്ഥാന വ്യവഹാര നയം നടപ്പിലാക്കുന്ന നടപടികൾ പ്രാരംഭഘട്ടത്തിലാണ് . സംസ്ഥാന വ്യവഹാരനയം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. |
| (ഇ) | വിവിധ വകുപ്പുകളിലെ വ്യവഹാരങ്ങൾ ഫലപ്രദമായിനടത്തുന്നതിന് എന്ത് സംവിധാനമാണ് വ്യവഹാര നയത്തിൽ വിവക്ഷിച്ചിരിക്കുന്നത് ; | എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ കോടതികളിലെ സർക്കാർ വ്യവഹാരങ്ങളുടെ നടത്തിപ്പ് സംയോജിപ്പിക്കുന്നതിനും കാര്യക്ഷമതയോടെയും ഫലപ്രദമായും കേസുകൾ നടത്തുന്നതിനും വിവിധ വകുപ്പുകളിൽ നിയമ നോഡൽ ഓഫീസർമാരെ നിയമിക്കുവാനും സംസ്ഥാന വ്യവഹാരനയത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള സംസ്ഥാന, ജില്ലാതല, താലൂക്ക്തല എംപവേർഡ് കമ്മിറ്റികൾ രൂപീകരിക്കാനും സംസ്ഥാന വ്യവഹാര നയത്തിൽ പ്രത്യേകം വ്യവസ്ഥചെയ്തിട്ടുണ്ട്. |
| (എഫ്) | വിവിധ വകുപ്പുകളിലെ കോടതി വ്യവഹാരങ്ങളും അദാലത്ത് കേസുകളും ഫലപ്രദമായി നടത്തുന്നതിന് നിയമ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ ഉടൻ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | വിവിധ വകുപ്പുകളിലെ കോടതി വ്യവഹാരങ്ങളും അദാലത്ത് കേസുകളും ഫലപ്രദമായി നടത്തുന്നതിന് വിവിധവകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലോ ഓഫീസർമാരെ സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസർമാരായി പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. നിലവിൽ ലോ ഓഫീസർമാർ ഇല്ലാത്ത വകുപ്പുകളിൽ നിയമ നോഡൽ ഓഫീസർമാരെ ഉടൻ നിയമിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) | സംസ്ഥാന വ്യവഹാര നയം പൂർണ്ണമായി നടപ്പിലാക്കുവാനും അതുവഴി വ്യവഹാരങ്ങൾക്കായുള്ള ഭീമമായ ചെലവ് കുറയ്ക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | സംസ്ഥാന വ്യവഹാര നയം പൂർണ്ണമായി നടപ്പിലാക്കുവാനും അതുവഴി വ്യവഹാരങ്ങൾക്കായുള്ള ഭീമമായ ചെലവ് കുറയ്ക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ